**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മട്ടന്നൂർ നഗരസഭ- എൻ.യു.എച്ച്.എം ഡയാലിസിസ് സെന്ററിന്റെ പ്രവർത്തന ചെലവുകൾക്കായി മട്ടന്നൂർ നഗരസഭയുടെ വികസനഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.844/2019/തസ്വഭവ തിരുവനന്തപുരം, തീയതി: 11/04/2019

---

പരാമർശം:- 1. മട്ടന്നൂർ നഗരസഭ സെക്രട്ടറിയുടെ 17.02.2018 ലെ സി3- 14589/17 നമ്പർ കത്ത്

2. നഗരകാര്യ ഡയറക്ടറുടെ 24.07.2018 ലെ സി 4- 15739/2018 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മട്ടന്നൂർ നഗരസഭയുടെ കീഴിൽ ഉരുവച്ചാൽ എന്ന സ്ഥലത്ത് 2018 ജനുവരി ആദ്യവാരം മുതൽ ആരംഭിച്ചിട്ടുള്ള എൻ.യു.എച്ച്.എം ഡയാലിസിസ് സെന്ററിൽ എൻ.യു.എച്ച്.എം നിർദ്ദേശ പ്രകാരമുള്ള ഡയാലിസിസ് ടെക്നീഷ്യൻ (3 എണ്ണം), സ്റ്റാഫ് നേഴ്സ് (2 എണ്ണം), അറ്റൻഡർ (1 എണ്ണം), ക്ലീനിംഗ് സ്റ്റാഫ് (2 എണ്ണം) എന്നീ ജീവനക്കാരെ യഥാക്രമം 15,000/- 13,900/-,7000/-6000/- രൂപ പ്രതിമാസ വേതന നിരക്കിൽ കരാർ അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ടെന്നും, മട്ടന്നൂർ നഗരസഭ അർബൻ പി.എച്ച്.സി മെഡിക്കൽ ഓഫീസറെ (പൊറോറ) ടി സ്ഥാപനത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥയായും തീരുമാനിച്ചിട്ടുണ്ടെന്നും, ടി ജീവനക്കാരെ നിയമിക്കുന്നതിനും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തന ചെലവിന് വികസന ഫണ്ട് വിനിയോഗിക്കുന്നതിനും അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള മട്ടന്നൂർ നഗരസഭ സെക്രട്ടറിയുടെ പരാമർശം (1) ലെ കത്ത് നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തയച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. മുനിസിപ്പാലിറ്റിയുടെ നിർബന്ധിതമായതോ പൊതുവായതോ മേഖല തിരിച്ചുള്ളതോ ആയ പ്രവർത്തനങ്ങളുടെ ഭാഗമല്ലെങ്കിലും ആരോഗ്യ പരിപാലനം, സാന്ത്വന ചികിത്സ എന്നിവ മുനിസിപ്പാലിറ്റിയുടെ ചുമതലയുടെ ഭാഗമാണ് എന്നതിനാൽ എൻ.യു.എച്ച്.എം ഡയാലിസിസ് സെന്ററിന്റെ പ്രവർത്തന ചെലവുകൾക്കായി വികസനഫണ്ടിൽ നിന്നും തുക വിനിയോഗിക്കാൻ മട്ടന്നൂർ മുനിസിപ്പാലിറ്റിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മുനിസിപ്പൽ സെക്രട്ടറി, മട്ടന്നൂർ നഗരസഭ
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ